# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

(സംഗ്രഹം)

സെൽഫ് ഫിനാൻസിംഗ്/സ്വാശ്രയ മേഖലയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകൾ- 2017-18 അദ്ധ്യയന വർഷത്തേക്ക് പുതിയ കോഴ്സുകൾ ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകൾ (ന്യൂനതകൾ പരിഹരിച്ചു തന്നവ) പരിഗണിക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## അക്കാദമിക്ക് എ.7 വിഭാഗം

ഉത്തരവ് നം.4177/1/17/എസി.എ.VII　　　　തീയതി, പി.ഡി.ഹിൽസ്, 07.07.2017

---

പരാമർശം:- 1. 2017-18 അദ്ധ്യയന വർഷത്തേക്ക് സ്വാശ്രയ കോളജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് വിവിധ വിദ്യാഭ്യാസ ഏജൻസികൾ തന്ന അപേക്ഷകൾ.

2. 2017 മെയ് 16ാം തീയതിയിലെ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ ആൻഡ് അപ്രൂവൽ) നടപടിക്രമങ്ങളുടെ ചുരുക്കം (ഐറ്റം നം.171597).

പരാമർശം (1) പ്രകാരം 2017-18 അദ്ധ്യയന വർഷത്തേക്ക് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് വിവിധ വിദ്യാഭ്യാസ ഏജൻസികൾ തന്ന അപേക്ഷകൾ (ന്യൂനതകൾ പരിഹരിച്ചു തന്നവ) 2017 മെയ് 16ാം തീയതിയിലെ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ ആൻഡ് അപ്രൂവൽ) പരാമർശം (2) പ്രകാരം വിശദമായി പഠിച്ചശേഷം താഴെപ്പറയുന്ന ശുപാർശകൾ നടത്തി..

സർവ്വകലാശാലയിൽ നിലവിൽ കോളേജുകളുടേയും, പ്രോഗ്രാമുകളുടേയും എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുകയാണ്. 2012 മുതൽ 2016 വരെ ധാരാളം കോളേജുകളും പ്രോഗ്രാമുകളും അനുവദിച്ചതും അതിനുകാരണമാണ്. ആയതുകൊണ്ട് പരീക്ഷയും ഫലപ്രഖ്യാപനവും സമയ ബന്ധിതമായി നടത്തുവാൻ കഴിയുന്നില്ല. ഇവ സമയബന്ധിതമായി നടത്തുവാൻ സർവ്വകലാശാലയ്ക്ക് നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളും ജീവനക്കാരുടെ എണ്ണവും അപര്യാപ്തവുമാണ്. പരീക്ഷ, ഫലപ്രഖ്യാപനം, പശ്ചാത്തല സൗകര്യം, ജീവനക്കാരുടെ നിയമനങ്ങൾ ഇവയെല്ലാം റഗുലറൈസ് ചെയ്ത് സർവ്വകലാശാലയെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് പ്രാപ്തമാക്കുന്നതിലേക്കായി 2017-2018 അദ്ധ്യയന വർഷം പുതിയ കോളേജുകൾ , പ്രോഗ്രാമുകൾ എന്നിവ അനുവദിക്കേണ്ടതില്ലയെന്നും 2017-2018 വർഷത്തേക്ക് പുതിയ കോളേജുകൾക്കും പ്രോഗ്രാമുകൾക്കും അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഒടുക്കിയ അഫിലിയേഷൻ ഫീസ് തിരികെ നൽകുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിക്കുന്നു.

എന്നാൽ സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തിവരുന്നതും ഇപ്പോൾ ഗവൺമെന്റ് അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ആരംഭിച്ച സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കോട്ടയം എന്ന സൊസൈറ്റിയുടെ ഭരണത്തിൻകീഴിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടതുമായ സ്വാശ്രയസ്ഥാപനങ്ങൾക്ക്, അഫിലിയേഷനുള്ള അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിക്കുന്ന മുറയ്ക്ക് 2017-2018 വർഷത്തേയ്ക്ക് അഫിലിയേഷൻ നൽകാനും ശുപാർശ ചെയ്യുന്നു.

16/5/2017ലെ സിൻഡിക്കേറ്റ് ഉപസമിതിയുടെ (അഫിലിയേഷനും അപ്രൂവലും) മേൽപ്പറഞ്ഞ ശുപാർശകൾ എം.ജി.യൂണിവേഴ്സിറ്റി ആക്റ്റ് 1985 സെക്ഷൻ 3.10(17) പ്രകാരം നിക്ഷിപ്തമായിരിക്കുന്ന സിൻഡിക്കേറ്റിൻെറ അധികാരമുപയോഗിച്ച് വൈസ്-ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ ടി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) ബന്ധപ്പെട്ട കോളജുകളുടെ മാനേജർമാർക്ക്
2) വി.സി./പിവിസി എന്നിവരുടെ പി.എസ്.
3) രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പി.എ
4) ജെ.ആർ/ഡി.ആർ/ഏആർ (അക്കാദമിക്/എക്സാം)
5) റ്റാബുലേഷൻ സെക്ഷൻ
6) യു.ജി/പി.ജി. ക്യാപ്സെൽ/ ലീഗൽ സെക്ഷൻ
7) എസി.സി/എസിഎ8/എസി.ബി.6/ എസിഎ1
8) പി.ആർ ഒ/സി.എം.എസ്
9) എസ്.എഫ്/എഫ്സി/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ 4644/3/16/എ.സി.എ.7

20